പി.എസ്.സി.യിൽ നിന്ന് അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം

155 (3109) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമനത്തിന് പി.എസ്.സി.യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ചവരിൽ മുഴുവൻ പേർക്കും നിയമനം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ട് എത്ര കാലമായി എന്നറിയിക്കാമോ ;

(സി) ഈ തസ്തിക മുഖേനയുള്ള നിയമനം ഉടൻ നൽകണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(ഇ) മേൽപ്പറഞ്ഞ ഉദ്യോഗാർത്ഥികൾക്ക് നിയമനം എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ രണ്ടാംഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് 188 പേർക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിയെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിലെ അപാകത കാരണം 94 പേർക്ക് നിയമനം നൽകിയിട്ടില്ല.

(ബി) 9 മാസത്തോളമായി.

(സി) ഉണ്ട്.

(ഡി) സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ 94 പേരുടെ നിയമന ശുപാർശ ക്യാൻസൽ ചെയ്യുവാൻ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. കൂടാതെ ആദ്യ പകുതിയിലെ 9 പേരെ റീട്രഞ്ച് ചെയ്യുവാനും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ കോടതി വിധി പുനഃപരിശോധിക്കാൻ വേണ്ടിയുള്ള റിവ്യൂ പെറ്റീഷനും സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) കോടതി തീരുമാനം ആകുന്ന മുറയ്ക്ക് ഈ കാര്യം പരിശോധിക്കുന്നതാണ്.

ഇടുക്കി ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിലെ ഒഴിവുള്ള തസ്തികകൾ

156 (3110) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ താലൂക്ക് ജില്ലാ ആശുപത്രികളിലും പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലുമായി സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, ജെ.പി.എച്ച്.എൻ. എന്നിവരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ തസ്തികകളിലാണ് റാങ്ക് ലിസ്റ്റ് നിലവിലുള്ളത് ; ഇവ ഓരോന്നിന്റെയും കാലാവധി എന്നത്തേക്ക് അവസാനിക്കും ;

(സി) നിലവിലുള്ള ഒഴിവുകളിൽ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് ഇത്തരം നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സ്റ്റാഫ് നഴ്സ് - 8 ഒഴിവുകൾ

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 5 "

(ഇവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.)

ജെ.പി.എച്ച്.എൻ. - 30 ഒഴിവുകൾ

(പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്)

(ബി) സ്റ്റാഫ് നഴ്സ് ഫാർമസിസ്റ്റ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. കാലാവധി അവസാനിക്കുന്ന തീയതി പി.എസ്.സി. അറിയിച്ചിട്ടില്ല.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) എക്സ്റേ ടെക്നീഷ്യൻ, റേഡിയോഗ്രാഫർ, ജെ.പി.എച്ച്.എൻ. എന്നീ തസ്തികകളിൽ താൽക്കാലിക നിയമനം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിന് നടപടി

157 (3111) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ സെക്കന്റ് ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രൊമോഷൻ തസ്തികകളിലേക്ക് അർഹമായ പ്രൊമോഷൻ നടത്താത്തതുമൂലം പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കേണ്ടവർക്ക് നിയമനം നൽകാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം പരിശോധിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly